100 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ തന്നെ കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന് 75.01 ലക്ഷം രൂപയും മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിന് 160.95 ലക്ഷം രൂപയും കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന് 61.15 ലക്ഷം രൂപയും ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിന് 80.25 ലക്ഷം രൂപയും തൃശ്ശൂർ മില്ലിന് 106.17 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) ഏകദേശം 37 വർഷമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോട്ടയം ടെക്സ്റ്റൈൽസ്, ഇ.പി.എഫ്, ഇ.എസ്.ഐ. തവണകൾ കൃത്യമായി അടച്ചു കൊണ്ടിരുന്നതും ഗ്രാറ്റുവിറ്റി അധികം വൈകിക്കാതെ ജീവനക്കാർക്ക് നൽകുന്നതുമായിരുന്നു. എന്നാൽ 2011 മുതൽ ആഗോളതലത്തിലും ഇൻഡ്യയിലാകെയും ടെക്സ്റ്റൈൽ മേഖലയിലുണ്ടായ സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി കോട്ടയം ടെക്സ്റ്റൈൽസും നഷ്ടത്തിലായി. എന്നിരുന്നാലും 2014 മേയ് വരെയുള്ള പി.എഫ്., ഇ.എസ്.ഐ. ഗ്രാറ്റുവിറ്റി കുടിശ്ശിക 2014 ആഗസ്റ്റ് മാസത്തിൽ അടച്ചുതീർത്തിരുന്നു. തുടർന്നും ടെക്സ്റ്റൈൽ മേഖലയിലെ പ്രതിസന്ധി കാരണം താഴെപ്പറയുന്ന തവണകൾ കുടിശ്ശിക വന്നിട്ടുണ്ട് :

ഗ്രാറ്റുവിറ്റി	9.10 ലക്ഷം രൂപ (6 പേർക്ക്)
ഇ.പി.എഫ്.	87.60 ലക്ഷം രൂപ (16 മാസം)
ഇ.എസ്.ഐ.	12.90 ലക്ഷം രൂപ (8 മാസം)

മില്ലിന്റെ പ്രവർത്തനം മെച്ചപ്പെടുന്നതോടെ, അധികമായി ഉണ്ടാകുന്ന വരുമാനത്തിൽനിന്നും പരമാവധി വേഗത്തിൽ മേൽ കുടിശ്ശികകൾ തീർക്കുന്നതാണ്.

(ഡി) മില്ലിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾമൂലം ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിച്ച സൊസൈറ്റി അടവുകൾക്കും കുടിശ്ശിക ഉണ്ടായിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് മൂന്ന് പരാതികളാണ് ലഭിച്ചിട്ടുള്ളത്. മില്ലിന്റെ പ്രവർത്തനം മെച്ചപ്പെടുന്നതോടെ അധികമായി ഉണ്ടാകുന്ന വരുമാനത്തിൽനിന്ന് പരമാവധി വേഗത്തിൽ മേൽ കുടിശ്ശിക തീർക്കുന്നതാണ്.

സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടറൈസേഷൻ

262 (607) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന സെക്രട്ടേറിയറ്റ് പൂർണ്ണമായും കമ്പ്യൂട്ടറൈസ്ഡ് ചെയ്ത് നെറ്റ് സംവിധാനം ആവശ്യമുള്ളിടത്ത് അത് ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്ന് മുതൽ ;

(ബി) സംസ്ഥാന ഗവൺമെന്റും വിവിധ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും തമ്മിലുള്ള പണമിടപാടുകൾ നടത്താൻ നെറ്റ് മണി ട്രാൻസ്ഫർ പോലുള്ള സംവിധാനം നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ കമ്പ്യൂട്ടറൈസേഷന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ അതും ഉൾപ്പെടുമെന്നതു പരിഗണിച്ച് അത് അടിയന്തരമായി ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. 2001 മുതലാണ് സെക്രട്ടേറിയറ്റിൽ കമ്പ്യൂട്ടറൈസേഷൻ, നെറ്റ് സംവിധാനം എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ തുടങ്ങിയത്. ഘട്ടം ഘട്ടമായാണ് ആയത് പൂർത്തിയാക്കിയത്.

(ബി&സി) ട്രഷറിവഴി ട്രഷറിയിലേക്കോ, ഇ-പേയ്മെന്റ് ഗേറ്റ് വേവഴി ബാങ്കിലേക്കോ പണം സ്വീകരിക്കുവാനുമുള്ള സംവിധാനം നിലവിലുണ്ട്. മറ്റു വകുപ്പുകളിൽ പണമിടപാടുകൾ ഓൺലൈനായി നടപ്പിൽ വരുത്തുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഐ.ടി. കയറ്റുമതി

263 (608) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ ; പുതുതായി ആരംഭിച്ച സംരംഭങ്ങൾ എത്രയെന്നറിയിക്കുമോ ;

(ബി) കോഴിക്കോട് സൈബർ പാർക്കിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഐ.ടി.കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് ഐ.ടി. പാർക്കുകളും KSITIL, STPI എന്നിവ നടത്തിവരുന്ന പ്രവർത്തനങ്ങളും ആരംഭിച്ച സംരംഭങ്ങളും താഴെപ്പറയുന്നു :

LIBRARY ARCHIVES Kerala Legislative Assembly